**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4426** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി വ്യാപകമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാരമ്പര്യേതര ഊർജ്ജം കൂടുതൽ ലഭ്യമാക്കുന്നതിന് പുരപ്പുറ സോളാർ പദ്ധതിയുടെ വ്യാപനം കൂടുതൽ ഊർജിതമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി MNRE - യുടെ സഹകരണത്തോടെ ഇപ്പോൾ ഗാർഹിക മേഖലയിൽ സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതി **പി. എം. സൂര്യഘർ** മാത്രമാണ്. ഈ പദ്ധതി പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA) - 1 kW സിസ്റ്റത്തിന് 30,000/- രൂപയും, 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും, 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ്. പദ്ധതിയുടെ നടത്തിപ്പിനായി 11.03.2025 വരെ സംസ്ഥാനത്ത് 1,045 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ ഡെവലപ്പർമാർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുവേണ്ടി, അപ്ലൈ ചെയ്യുന്നതിനനുസരിച്ച്, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സെക്ഷൻ ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഡെവലപ്പർമാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. കൂടാതെ ഇപ്പോൾ കൺസ്യൂമേഴ്സിന് രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കിക്കൊണ്ട് MNRE രജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്.<br><br>പാരമ്പര്യേതര ഊർജ്ജം കൂടുതൽ ലഭ്യമാക്കുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് **റെസ്കോ (RESCO) മോഡൽ** പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകി വരുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കി വരുന്നു.<br><br>പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർ ത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കി വരുന്നു.<br><br>വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/വിൻഡ്/സോളാർ ഹൈ ബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | സോളാർ എനർജി വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സോളാർ എനർജി**,** വ്യാവസായിക അടിസ്ഥാന-ത്തിൽ ഉല്പാദിപ്പിക്കുന്നതിനു മുന്നോട്ടു വരുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾക്ക്, **IPP/CPP** സ്കീമുകളിൽ ഉൾപ്പെടുത്തി**,** സർക്കാർ/സ്വകാര്യ ഭൂമികളിലും കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് **കെ. എസ്. ഇ. ബി. ൽ. -** ന് **KSERC** നിഷ്കർഷിച്ച |

| | | | |
|---|---|---|---|
| | | | ചട്ടങ്ങൾക്കനുസൃതമായിട്ടുള്ള നിരക്കുകൾ നൽകി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതി നിലവിലുണ്ട്. |
| (സി) | സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് കൂടുതൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | **പി. എം. സൂര്യഘർ** മാത്രമാണ് ഇപ്പോൾ ഗാർഹിക മേഖലയിൽ സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതി. പ്രസ്തുത പദ്ധതിയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ